AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
FARM INFORMATION BUREAU
THIRUVANANTHAPURAM

**Press Release**

PR . 61/2019 18.06.2019

# കിലോയ്ക്ക് 27 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കും: കൃഷി വകുപ്പ് മന്ത്രി

തിരുവനന്തപുരം: കിലോ ഗ്രാമിന് 27 രൂപ നിരക്കിൽ പച്ചത്തേങ്ങ സംഭരിക്കുന്നതിന് തിരുവനന്തപുരത്ത് കൃഷി വകുപ്പ് മന്ത്രി, ധനകാര്യ വകുപ്പ് മന്ത്രി, സഹകരണ വകുപ്പ് മന്ത്രി എന്നിവരുടെ നേതൃത്വത്തിൽ ചേർന്ന മന്ത്രിതല യോഗത്തിൽ തീരുമാനമായതായി കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽ കുമാർ അറിയിച്ചു.

സംഭരിക്കുന്ന തേങ്ങ സംസ്കരിച്ച് കൊപ്രയാക്കുന്നതിന് കിലോയ്ക്ക് 9.10 രൂപ നിരക്കിൽ പ്രോസസിംഗ് ചാർജ്ജ് ആയി കേരഫെഡിന് കീഴിലുള്ള തെരഞ്ഞെടുക്കപ്പെടുന്ന സംഘങ്ങൾക്കും സഹകരണ സംഘങ്ങൾക്കും മുൻകൂര് അനുവദിക്കുന്നതിനും തീരുമാനമായിട്ടുണ്ട്. പച്ചത്തേങ്ങ സംഭരണം എത്രയും വേഗം ആരംഭിക്കുന്നതിനാണ് നിശ്ചയിച്ചിട്ടുള്ളത്. സംസ്ഥാനത്ത് കേരഫെഡിന് കീഴിൽ പ്രവർത്തിക്കുന്ന 900 ഓളം സൊസൈറ്റികള്, സഹകരണ സംഘങ്ങൾ എന്നിവ വഴിയാണ് പച്ചത്തേങ്ങ സംഭരിക്കുന്നതിന് തീരുമാനി ച്ചിരിക്കുന്നത്. നാളികേരത്തിന്റെ മൂല്യവർദ്ധനയുമായി ബന്ധപ്പെട്ട് ഒരു സംസ്ഥാനതല ശിൽപ്പശാല ഓഗസ്റ്റ് ആദ്യവാരം സംഘടിപ്പിക്കും.

കൃഷി വകുപ്പ് മന്ത്രി വി.എസ് സുനിൽ കുമാറിന്റെ അദ്ധ്യക്ഷതയില് ചേർന്ന യോഗത്തിൽ ധനകാര്യ വകുപ്പ് സെക്രട്ടറി മനോജ് ജോഷി ഐ.എ.എസ്, കൃഷി വകുപ്പ് ഡയറക്ടർ ഡോ. രത്തൻ ഖേൽക്കര്, കേരഫെഡ് ചെയർമാന് ജെ.വേണുഗോപാലൻ നായർ, മാനേജിംഗ് ഡയറക്ടർ രവികുമാർ എന്നിവരും വിവിധ വകുപ്പുതല ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുത്തു.

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**

Farm Information Bureau, Kowdiar, Thiruvananthapuram - 695 003
**Website**: www.fibkerala.gov.in **Email**:fibtvm@gmail.com
**Telephone:** 0471 2317314